## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4094

### 2016 ഒക്ടോബർ 24 ലെ മറുപടിക്ക്

<u>ടൈപ്പിസ്റ്റ് തസ്തികയുടെ പുനർനാമകരണം</u>

| **ചോദ്യം:**<br>**ശ്രീ. മോൻസ് ജോസഫ്** | **ഉത്തരം:**<br>**ശ്രീ. പിണറായി വിജയൻ**<br>**ബഹു. കേരള മുഖ്യമന്ത്രി.** |
|---|---|
| (എ) വിവിധ വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തികയ്ക്ക് പത്താം ശമ്പളകമ്മീഷൻ പുനർനാമകരണം ചെയ്യാൻ ശിപാർശ ചെയ്തിരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത ശിപാർശകൾ പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇതുമൂലം സർക്കാരിന് എന്തെങ്കിലും സാമ്പത്തിക ബാധ്യത ഉണ്ടാകുമോ; പ്രസ്തുത വിഭാഗത്തിലുള്ള ജീവനക്കാർക്ക് പ്രമോഷൻ വഴി ഗസറ്റഡ് തസ്തിക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) പത്താം ശമ്പള കമ്മീഷൻ കോമൺ കാറ്റഗറി ടൈപ്പിസ്റ്റ് തസ്തികയുടെ ഡെസിഗ്നേഷൻ കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കി മാറ്റാൻ ശിപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ശിപാർശ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. തസ്തിക പുനർനാമകരണം സംബന്ധിച്ച വിഷയം ബന്ധപ്പെട്ട വകുപ്പ് മേധാവികളുമായും സർവ്വീസ് സംഘടനകളുമായും കൂടിയാലോചിച്ച മാത്രമേ നടപ്പിലാക്കാൻ കഴിയൂ. തസ്തിക പുനർനാമകരണം വഴി സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല. ടൈപ്പിസ്റ്റ് വിഭാഗം ജീവനക്കാരുടെ നേരിട്ടുള്ള പ്രൊമോഷൻ തസ്തികകളിൽ ഗസറ്റഡ് റാങ്കിലുള്ള തസ്തികകളില്ല. |
| (ബി) ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് തസ്തികയാണോ; പ്രസ്തുത വിഭാഗം ജീവനക്കാർക്ക് സേവനകാലാവധിക്കുള്ളിൽ ഗസറ്റഡ് റാങ്ക് ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക ഗസറ്റഡ് റാങ്കിലുള്ള തസ്തികയല്ല. നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം ഫെയർ കോപ്പി സൂപ്രണ്ട് തസ്തിക സബോർഡിനേറ്റ് സർവ്വീസിലെ തസ്തികയായതിനാൽ സേവന കാലയളവിൽ ഗസറ്റഡ് റാങ്ക് ലഭിക്കില്ല. |
| (സി) നോൺകേഡർ തസ്തികയിൽ 6:1 എന്ന അനുപാതത്തിൽ ജീവനക്കാർക്ക് പ്രമോഷൻ നൽകുവാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) തീരുമാനമെടുത്തിട്ടില്ല. നടപടികളൊന്നും കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ